


# വോട്ട് കൊള്ളയുടെ കാണാപ്പുറങ്ങൾ

രാഷ്ട്രീയ ലേഖകൻ

പല തെരഞ്ഞെടുപ്പുകളിലും പരാജയപ്പെട്ടപ്പോൾ വോട്ടിംഗ് യന്ത്രത്തെ പഴിപറഞ്ഞ രാഹുൽ ഗാന്ധി ഇപ്പോൾ വോട്ടർ പട്ടികയെതന്നെ വലിച്ചുകീറി ഭിത്തിയിൽ ഒട്ടിച്ചിരിക്കുന്നു. "വോട്ട് കൊള്ള" ആരോപണത്തിൽ കഴമ്പുണ്ടെന്ന് മാധ്യമങ്ങൾ തെരഞ്ഞെടുപ്പ് കമ്മീഷന്റെ വിശദീകരണത്തിനൊന്നും കൃത്യമായ ഫലമുണ്ടായില്ല. ഇനി അറിയേണ്ടത് സുപ്രീംകോടതിയുടെ വിധിയാണ്. വിധി എന്തുതന്നെയായാലും വോട്ടവകാശ യാത്രയുമായി രാഹുൽ മുന്നേറുകയാണ്. ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ദിശ മാറ്റാൻ ഈ യാത്രയ്ക്ക് കഴിയുമോ?

ഇന്ത്യൻ ജനാധിപത്യത്തിന്റെ പുതിയ പരിണാമഘട്ടത്തെക്കുറിച്ച് ആദ്യ വെടി പൊട്ടിച്ചത് രാഹുൽ ഗാന്ധിയാണ്. വോട്ട് കൊള്ള എന്നാണ് അദ്ദേഹം അതിനെ വിശേഷിപ്പിച്ചത്. രാഹുൽഗാന്ധി പറഞ്ഞതുകൊണ്ട് മാത്രം പലർക്കും വിശ്വാസയോഗ്യമായി തോന്നിയില്ല. കാരണം തെരഞ്ഞെടുപ്പിൽ തോൽക്കുമ്പോഴെല്ലാം സ്ഥിരമായി വോട്ടിംഗ് യന്ത്രത്തെ പഴിക്കുന്ന ആളാണ് രാഹുൽഗാന്ധി. ഇപ്പോൾ അദ്ദേഹം അൽപം മാറ്റിപ്പിടിച്ചതാകാം. വോട്ടിംഗ് യന്ത്രത്തിന് പകരം ഇത്തവണ ആക്രമണ വിധേയമായത് വോട്ടർ പട്ടികയാണ്. പട്ടികയെ അദ്ദേഹം വലിച്ചുകീറി ചുവരിലൊട്ടിച്ചു. പക്ഷേ അദ്ദേഹം ഹാജരാക്കിയ തെളിവുകൾ നോക്കിയപ്പോൾ എന്തോ ചീഞ്ഞു നാറുന്നു എന്ന പ്രതീതി ഉണ്ടായി. മാധ്യമങ്ങൾ അദ്ദേഹത്തിന്റെ കണക്കുകൾ സൂക്ഷ്മമായി പഠിച്ച് അവ ശരി വെച്ചതോടെ ചിത്രം മാറി. വോട്ട് കൊള്ള പച്ചയായ യാഥാർത്ഥ്യമാണെന്ന് ഒരു വലിയ സമൂഹം അംഗീകരിച്ചു. തെരഞ്ഞെടുപ്പ് കമ്മീഷൻ വിശദീകരണവുമായി രംഗത്തുവന്നെങ്കിലും പ്രതിപക്ഷം ഒറ്റക്കെട്ടായി രാഹുലിനെ പിന്തുണയ്ക്കുകയായിരുന്നു. ഇനി സുപ്രീംകോടതിയുടെ നിഗമനമാണ് അറിയാനുള്ളത്.

**ഇന്ത്യൻ ജനാധിപത്യം 1951 ലെ പൊതു തെരഞ്ഞെടുപ്പിനായുള്ള വോട്ടെടുപ്പിൽ തുടങ്ങി 2024ലെ പൊതു തെരഞ്ഞെടുപ്പിനായുള്ള വോട്ട് മോഷണത്തിൽ എത്തിനിൽക്കുന്നു. ഇനിയങ്ങോട്ട് എന്തൊക്കെ നടക്കും എന്ന് കണ്ടറിയണം. വോട്ട് മോഷണത്തിന്റെ ആദ്യ വെടി പൊട്ടിച്ചത് പ്രതിപക്ഷ നേതൃപദവിയുള്ള സാക്ഷാൽ രാഹുൽഗാന്ധിയാണ്. കർണാടകത്തിലെ വോട്ടേഴ്സ് ലിസ്റ്റ് ആയിരുന്നു ഇതിനാധാരം തുടർന്ന് ബിജെപി രാഹുൽഗാന്ധി മുമ്പ് മത്സരിച്ച വയനാട് മണ്ഡലത്തിൽ ഒരു ലക്ഷത്തോളം വോട്ടിന്റെ തിരിമറി നടന്നതായി തിരിച്ചടിച്ചു.**



ബാലറ്റ് സമ്പ്രദായം എന്ന് തുടങ്ങിയോ അന്നുമുതൽ കള്ളവോട്ടുമുണ്ട് ഒരു പ്രസ്ഥാനത്തിന്റെ ജനകീയ സ്വാധീനം കൂടുന്നതിനനുസരിച്ച് കള്ള വോട്ടിന്റെ എണ്ണവും കൂടും വമ്പിച്ച ജനസ്വാധീനം ആണെങ്കിൽ പിന്നെ കള്ളവോട്ടല്ല, വോട്ട് കൊള്ള തന്നെ നടക്കും. തെരഞ്ഞെടുപ്പിലെ എല്ലാ കൃത്രിമങ്ങൾക്കും അടിസ്ഥാനം ഇതുതന്നെയാണ്.

ഇന്ത്യൻ ജനാധിപത്യം 1951 ലെ പൊതു തെരഞ്ഞെടുപ്പിനായുള്ള വോട്ടെടുപ്പിൽ തുടങ്ങി 2024ലെ പൊതു തെരഞ്ഞെടുപ്പിനായുള്ള വോട്ട് മോഷണത്തിൽ എത്തിനിൽക്കുന്നു. ഇനിയങ്ങോട്ട് എന്തൊക്കെ നടക്കും എന്ന് കണ്ടറിയണം. വോട്ട് മോഷണത്തിന്റെ ആദ്യ വെടി പൊട്ടിച്ചത് പ്രതിപക്ഷ നേതൃപദവിയുള്ള സാക്ഷാൽ രാഹുൽഗാന്ധിയാണ്. കർണാടകത്തിലെ വോട്ടേഴ്സ് ലിസ്റ്റ് ആയിരുന്നു ഇതിനാധാരം തുടർന്ന് ബിജെപി രാഹുൽഗാന്ധി മുമ്പ് മത്സരിച്ച വയനാട് മണ്ഡലത്തിൽ ഒരു ലക്ഷത്തോളം വോട്ടിന്റെ തിരിമറി നടന്നതായി തിരിച്ചടിച്ചു. രാഹുൽ ഇപ്പോൾ എംപി ആയിരിക്കുന്ന റായ്ബറേലി മണ്ഡലത്തിൽ 2 ലക്ഷം വോട്ടിന്റെ തട്ടിപ്പ് നടന്നതായും ആരോപിച്ചു. അങ്ങനെ ആരോപണ പ്രത്യാരോപണങ്ങളുടെ കമ്പക്കെട്ട് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. സംസ്ഥാനതലങ്ങളിലാണ് ഇപ്പോൾ പോര് തുടരുന്നത്. ഇതിനിടെ പ്രതിപക്ഷം തുടങ്ങിവെച്ച ഹൈ വോൾട്ടേജ് പ്രക്ഷോഭത്തിന് വീര്യം പകരാൻ രണ്ടാഴ്ചയോളം നീണ്ട 'വോട്ടർ അധികാർ' യാത്രയും രാഹുൽ നടത്തി. ആർ ജെ ഡി നേതാവ് തേജസി യാദവ് ഉൾപ്പെടെയുള്ള ഇന്ത്യ സഖ്യം നേതാക്കളും രാഹുലിനെ അനുഗമിച്ചു ഈ പ്രക്ഷോഭത്തെ ഒരു ദേശീയ ജന മുന്നേറ്റമാക്കി വളർത്തിയെടുത്ത് ഉടനെ തന്നെ നടക്കാൻ പോകുന്ന ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിലെങ്കിലും കരകയറാൻ പറ്റുമോ എന്നാണ് ഇന്ത്യ സഖ്യം ഉറ്റുനോക്കുന്നത്.



പ്രശ്നങ്ങളുടെ തുടക്കം ബീഹാറിൽ നിന്നാണ്. അവിടെ കരട് വോട്ടർ പട്ടികയിൽ നിന്ന് 65 ലക്ഷം വോട്ടർമാരെ നീക്കിയത് ബിജെപിയും തിരഞ്ഞെടുപ്പ് കമ്മീഷനും തമ്മിലുള്ള ഗൂഢാലോചനയുടെ ഫലമായിട്ടാണ് എന്നാണ് പ്രതിപക്ഷം കണ്ടത്. അതിനെ ചൊല്ലി ദേശവ്യാപകമായി വൻ വിവാദം തന്നെയുണ്ടായി. ഒടുവിൽ വോട്ടർ പട്ടികയിൽ നിന്ന് പുറത്താക്കപ്പെട്ട



**വോട്ടർ പട്ടിക വിവാദത്തിന്റെ അലയൊലികൾ കേരളത്തിലും പ്രതിധ്വനിച്ചു. നടൻ സുരേഷ് ഗോപി വിജയിച്ച തൃശ്ശൂർ മണ്ഡലം കേന്ദ്രീകരിച്ച് 2024ലെ തെരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പുതിയ വോട്ടർമാരെ ചേർത്ത മണ്ഡലം തൃശ്ശൂരായിരുന്നു. 1,46,673 പേർ ജനുവരി 18ന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷവും വീണ്ടും മാർച്ച് 15 വരെ പേര് ചേർക്കാൻ അവസരം നൽകിയിരുന്നു. ആ ഘട്ടത്തിലും വോട്ട് ചേർക്കുന്നതിൽ തൃശ്ശൂർ ആയിരുന്നു മുന്നിൽ. പുതിയ വോട്ടർമാരിൽ 60% ത്തെയും ചേർത്തത് തങ്ങളെന്നായിരുന്നു ബിജെപിക്കാരുടെ അവകാശവാദം.**

65 ലക്ഷം പേരുടെയും പേര് വിവരങ്ങൾ വെബ്സൈറ്റുകളിലൂടെ പരസ്യപ്പെടുത്താൻ സുപ്രീംകോടതിയുടെ ഉത്തരവുണ്ടായി. ഒഴിവാക്കാനുള്ള കാരണങ്ങളും വ്യക്തമാക്കണം. ഒഴിവാക്കപ്പെട്ടവർക്ക് അവകാശവാദം ഉന്നയിക്കുമ്പോൾ ആധാറും സമർപ്പിക്കാം. അതേസമയം ആധാറിന്റെ അടിസ്ഥാനത്തിൽ ഇവരുടെ പേര് വോട്ടർ പട്ടികയിൽ ചേർക്കണമെന്ന് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ച് നിർദ്ദേശിച്ചില്ല. വിവരങ്ങൾ പ്രസിദ്ധീകരിച്ചാൽ കമ്മീഷനെതിരായ പ്രചാരണം അവസാനിക്കുമെന്നും കോടതി ഓർമിപ്പിച്ചു. ബൂത്തുതല ഉദ്യോഗസ്ഥന്മാർ നോട്ടീസായി പ്രദർശിപ്പിക്കുന്ന വിവരങ്ങൾ സാധാരണക്കാർക്ക് പോലും മനസ്സിലാക്കാൻ സാധിക്കണമെന്ന് കോടതി പ്രത്യേകം നിഷ്കർഷിച്ചു. അതേസമയം 65 ലക്ഷം പേരെ എന്തുകൊണ്ട് ഒഴിവാക്കി എന്ന് കമ്മീഷൻ വിശദീകരിച്ചു. ഇതിൽ 22 ലക്ഷം പേർ മരിച്ചവരും 36 ലക്ഷം പേർ മറ്റിടങ്ങളിലേക്ക് കുടിയേറിയവരും ഏഴ് ലക്ഷം പേർ ഇരട്ട വോട്ടർമാരുമാണെന്നാണ് കമ്മീഷന്റെ കണക്ക്. കോടതിയിൽ നിലവിലുള്ള കേസുകളിൽ വിധി ഉണ്ടാകുന്നതോടെ ഇപ്പോഴത്തെ വിവാദ കോലാഹലങ്ങൾ അവസാനിക്കുമെന്നുമാണ് പ്രതീക്ഷ

വോട്ടർ പട്ടിക വിവാദത്തിന്റെ അലയൊലികൾ കേരളത്തിലും പ്രതിധ്വനിച്ചു. നടൻ സുരേഷ് ഗോപി വിജയിച്ച തൃശ്ശൂർ മണ്ഡലം കേന്ദ്രീകരിച്ച് 2024ലെ തെരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പുതിയ വോട്ടർമാരെ ചേർത്ത മണ്ഡലം തൃശ്ശൂരായിരുന്നു. 1,46,673 പേർ ജനുവരി 18ന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷവും വീണ്ടും മാർച്ച് 15 വരെ പേര് ചേർക്കാൻ അവസരം നൽകിയിരുന്നു. ആ ഘട്ടത്തിലും വോട്ട് ചേർക്കുന്നതിൽ തൃശ്ശൂർ ആയിരുന്നു മുന്നിൽ. പുതിയ വോട്ടർമാരിൽ










60 ശതമാനത്തെയും ചേർത്തത് തങ്ങളെന്നായിരുന്നു ബിജെപിക്കാരുടെ അവകാശവാദം.

2019 ലെ തെരഞ്ഞെടുപ്പിൽ ഇതേ മണ്ഡലത്തിൽ സുരേഷ് ഗോപി നേടിയത് 2,93,822. വോട്ട് ചേർക്കൽ ഉൾപ്പെടെയുള്ള ആർഎസ്എസ് ആസൂത്രണത്തിനൊടുവിൽ 2024 ൽ 74,686 വോട്ടിന്റെ ഭൂരിപക്ഷത്തിന് സുരേഷ് ഗോപി ജയിച്ചു. എൽഡിഎഫ് സ്ഥാനാർത്ഥി വിഎസ് സുനിൽകുമാർ പൂരം കലക്കൽ, വോട്ടർ പട്ടികയിലെ ക്രമക്കേട് എന്നിവ മുൻനിർത്തി രംഗത്തിറങ്ങിയെങ്കിലും കാര്യമായ പ്രതികരണം ഉണ്ടായില്ല.

ഒരു മണ്ഡലവുമായി ആഴത്തിലുള്ള ബന്ധവും അവിടുത്തെ ജനങ്ങളുമായി അകമഴിഞ്ഞ അടുപ്പവും ഉള്ളവർക്ക് മാത്രമേ ഇങ്ങനെ വൻതോതിൽ വോട്ടർമാരെ ചേർക്കാനാകൂ. പണ്ട് കമ്മ്യൂണിസ്റ്റുകാരായിരുന്നു ഇതിന്റെ ഉസ്താദുമാർ. ഇപ്പോൾ അവർ നല്ല കുട്ടികളായി എന്നതല്ല ഇതിനർത്ഥം. ഇന്ന് ഭൂരിപക്ഷത്തിന് വേണ്ട ചില്ലറ വോട്ടുകൾ മാത്രമേ അവർക്ക് അധികമായി വേണ്ടിവരുന്നുള്ളൂ. അതവർ ഏതുവിധേനയും ഒപ്പിച്ചെടുക്കും. ഇക്കാര്യത്തിൽ ആരും നല്ല പിള്ള ചമയേണ്ടതില്ല. പാപം ചെയ്യാത്തവർ കല്ലെറിയട്ടെ എന്ന് മാത്രമേ പറയാനുള്ളൂ.

വോട്ടർ പട്ടികയിൽ ക്രമക്കേട് നടന്നതായി ആരോപിക്കപ്പെടാത്ത ഒരു തെരഞ്ഞെടുപ്പും ഇതുവരെ കേരളത്തിൽ നടന്നിട്ടില്ല. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ പിണറായി വിജയന് തുടർഭരണം ഉറപ്പായപ്പോൾ അന്നത്തെ പ്രതിപക്ഷ നേതാവ് പറഞ്ഞത് ഇടതുപക്ഷം 5 ലക്ഷത്തോളം കള്ളവോട്ടുകൾ ചെയ്തു എന്നാണ്. പിന്നീട് ആ ആരോപണം അദ്ദേഹം ആവർത്തിച്ചിട്ടില്ല. പരാജയം രുചിക്കുമ്പോൾ മനസ്സമാധാനത്തിനുവേണ്ടി വെറുതെ തട്ടിവിട്ട ആരോപണം എന്നതിൽ കവിഞ്ഞ് ആരും അതിനെ ഒരു പ്രാധാന്യവും കൽപ്പിച്ചിട്ടില്ല. തോൽക്കുന്നവർ മുട്ടുശാന്തിക്ക് പറയുന്ന വാക്കുകൾ എന്ന് മാത്രം അതിനെ കണ്ടാൽ മതി.

ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയാകുമ്പോൾ അവർ മത്സരിച്ച റായ്ബറേലി മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് ക്രമക്കേടുമായി ബന്ധപ്പെട്ട കേസിലെ വിധിയാണ് ഇന്ത്യൻ

**വോട്ടർ പട്ടികയിൽ ക്രമക്കേട് നടന്നതായി ആരോപിക്കപ്പെടാത്ത ഒരു തെരഞ്ഞെടുപ്പും ഇതുവരെ കേരളത്തിൽ നടന്നിട്ടില്ല. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ പിണറായി വിജയന് തുടർഭരണം ഉറപ്പായപ്പോൾ അന്നത്തെ പ്രതിപക്ഷ നേതാവ് പറഞ്ഞത് ഇടതുപക്ഷം 5 ലക്ഷത്തോളം കള്ളവോട്ടുകൾ ചെയ്തു എന്നാണ്. പിന്നീട് ആ ആരോപണം അദ്ദേഹം ആവർത്തിച്ചിട്ടില്ല. പരാജയം രുചിക്കുമ്പോൾ മനസ്സമാധാനത്തിനുവേണ്ടി വെറുതെ തട്ടിവിട്ട ആരോപണം എന്നതിൽ കവിഞ്ഞ് ആരും അതിനെ ഒരു പ്രാധാന്യവും കൽപ്പിച്ചിട്ടില്ല.**



രാഷ്ട്രീയത്തിൽ ഒരു വഴിത്തിരിവ് സൃഷ്ടിച്ചത് ഇതിനെ തുടർന്ന് ഇന്ദിരാഗാന്ധി അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുകയും അടുത്ത തെരഞ്ഞെടുപ്പിൽ ദയനീയമായ തോൽവി ഏറ്റുവാങ്ങുകയും ചെയ്തു. ഇന്നത്തെ ഭരണസാരഥികൾക്കും അങ്ങനെയൊരു തിരിച്ചടി ഉണ്ടാകുമോ എന്നറിയാൻ കുറേക്കാലം കൂടി കാത്തിരിക്കേണ്ടിവരും. അങ്ങനെയൊരു സംഭവഗതി ഉരുത്തിരിഞ്ഞുവന്നാൽ കാലത്തിന്റെ കാവ്യനീതി എന്നുമാത്രമേ അതിനെ വിശേഷിപ്പിക്കാനാകൂ.